# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഫെബ്രുവരി 1

# വാർത്താക്കുറിപ്പ്

---

**പരീക്ഷ തീയതി**

നാലാം വർഷ ബി.ഫാം സപ്ലിമെന്ററി പരീക്ഷകൾ ഫെബ്രുവരി 20ന് ആരംഭിക്കും. പിഴയില്ലാതെ ഫെബ്രുവരി അഞ്ചുവരെയും 500 രൂപ പിഴയോടെ ആറുവരെയും 1000 രൂപ സൂപ്പർഫൈനോടെ എട്ടുവരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 30 രൂപ വീതം (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിനു പുറമെ അടയ്ക്കണം.

(പി.ആർ.ഒ./39/191/2019)

**അപേക്ഷ തീയതി**

സ്‌കൂൾ ഓഫ് ഡിസ്റ്റൻസ് എജ്യൂക്കേഷനിലെ അഞ്ച്, ആറ് സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്. - റഗുലർ/സപ്ലിമെന്ററി പ്രൈവറ്റ് രജിസ്‌ട്രേഷൻ) പരീക്ഷകൾക്ക് പിഴയില്ലാതെ ഫെബ്രുവരി 11 വരെയും 500 രൂപ പിഴയോടെ 12 വരെയും 1000 രൂപ സൂപ്പർഫൈനോടെ 14 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ അപേക്ഷഫോമിന്റെ തുകയായി സെമസ്റ്ററൊന്നിന് 25 രൂപയും പേപ്പറൊന്നിന് 30 രൂപ വീതവും (പരമാവധി 200 രൂപ) സി.വി.ക്യാമ്പ് ഫീസും പരീക്ഷഫീസിന് പുറമെ അടയ്ക്കണം. പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായി 125 രൂപയും അടയ്ക്കണം. അപേക്ഷാഫോറം സർവകലാശാല വെബ്‌സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. epay.mgu.ac.in എന്ന വെബ്‌സൈറ്റ് വഴി ഓൺലൈനായി ഫീസടയ്ക്കണം. ബി.എ. വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ (IV-പരീക്ഷ)ക്കും ബി.കോം വിദ്യാർഥികൾ അസിസ്റ്റന്റ് രജിസ്ട്രാർ (X-പരീക്ഷ)ക്കും അപേക്ഷ സമർപ്പിക്കണം.

(പി.ആർ.ഒ./39/191/2019)

**പരീക്ഷഫലം**

2018 ഏപ്രിൽ/മെയ് മാസങ്ങളിൽ നടന്ന ഒന്നു മുതൽ നാലു വരെ സെമസ്റ്റർ എം.എ. സോഷ്യോളജി (ഓഫ് കാമ്പസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/191/2019)

2018 ജൂണിൽ നടന്ന എട്ടാം സെമസ്റ്റർ ബി.എച്ച്.എം. (2014 അഡ്മിഷൻ റഗുലർ/2013, 2013ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/191/2019)

2018 ജൂണിൽ നടന്ന അഞ്ചാം സെമസ്റ്റർ എൽ.എൽ.ബി. (ത്രിവത്സരം-റഗുലർ/സപ്ലിമെന്ററി/മേഴ്‌സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/191/2019)

**ഓഫീസ്, റിസർച്ച് അസിസ്റ്റന്റ്; അഭിമുഖം നാലിന്**

അന്തർ സർവകലാശാല സുസ്ഥിര ജൈവ കൃഷി പഠനകേന്ദ്രത്തിൽ ഓഫീസ് അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ് എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനത്തിനായി അപേക്ഷ നൽകിയവരുടെ ഇന്റർവ്യൂ ഫെബ്രുവരി നാലിന് രാവിലെ 10ന് നടക്കും. യോഗ്യരായ ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ മെമ്മോ ഇ-മെയിലിൽ അയച്ചിട്ടുണ്ട്. അറിയിപ്പു കിട്ടിയവർ അന്നേദിവസം മഹാത്മാ ഗാന്ധി

സർവകലാശാല അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലുള്ള രജിസ്ട്രാറുടെ കോൺഫറൻസ് ചേംബറിൽ എത്തണം. വിശദ വിവരങ്ങൾക്ക് ഫോൺ: 0481-2733210.

(പി.ആർ.ഒ./39/191/2019)

**കേരള പഠന കോൺഫറൻസ്; പ്രബന്ധം അവതരിപ്പിക്കാം**

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ഗാന്ധിയൻ തോട്ട് ആന്റ് ഡെവലപ്മെന്റ് സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ ഫെബ്രുവരി 27, 28 തീയതികളിൽ കേരള പഠന കോൺഫറൻസ് സംഘടിപ്പിക്കുന്നു. കേരളത്തിലെ സാമൂഹിക-രാഷ്ട്രീയ-വിദ്യാഭ്യാസ-വികസന വിഷയങ്ങൾക്കു പുറമെ ഗാന്ധിജിയും കേരളത്തിലെ ദേശീയ പ്രസ്ഥാനവും എന്ന വിഷയവും ചർച്ച ചെയ്യും. കോൺഫറൻസിൽ പ്രബന്ധം അവതരിപ്പിക്കുവാൻ താല്പര്യമുള്ളവർ 500 വാക്കിൽ കവിയാത്ത സംഗ്രഹം ഫെബ്രുവരി 10നകം sgtdsmgu@gmail.com എന്ന വിലാസത്തിൽ അയയ്ക്കണം. വിശദവിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/191/2019)

**ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതി യോഗം എട്ടിന്**

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ബിരുദ, ബിരുദാനന്തര ബിരുദ ബോർഡ് ഓഫ് സ്റ്റഡീസുകളുടെയും വിദഗ്ധ സമിതിയുടെയും യോഗം ഫെബ്രുവരി എട്ടിന് സർവകലാശാല അസംബ്ലി ഹാളിൽ നടക്കും. ബിരുദ ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധസമിതിയുടെ യോഗം രാവിലെ 10.30നും ബിരുദാനന്തര ബിരുദ ബോർഡ് ഓഫ് സ്റ്റഡീസ്, വിദഗ്ധ സമിതിയുടെ യോഗം ഉച്ചകഴിഞ്ഞ് രണ്ടിനുമാണ് ചേരുക. എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് വൈസ് ചാൻസലർ അറിയിച്ചു.

(പി.ആർ.ഒ./39/191/2019)

**ഭിന്നശേഷിക്കാർക്കായി പ്രത്യേക**
**വിദ്യാഭ്യാസ നയം വേണം; സെമിനാർ**

രാജ്യത്തെ ഭിന്നശേഷി വിഭാഗങ്ങൾക്ക് പ്രത്യേക വിദ്യാഭ്യാസ നയം രൂപികരിക്കണമെന്ന് മലേഷ്യൻ സർവ്വകലാശാല വിദ്യാഭ്യാസ വിഭാഗം മേധാവി പ്രൊഫ. സത്താർ റസൂൽ പറഞ്ഞു. ഇൻസ്റ്റിട്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റി സംഘടിപ്പിച്ച ത്രിദിന രാജ്യാന്തര സെമിനാറിൽ സമാപന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം.

'പഠനവൈകല്യം നേരിടുന്നതിനുള്ള ഫലവത്തായ ഇടപെടലുകൾ' എന്ന വിഷയത്തിൽ ഡോ.റോസ് അംന ബിൻതി റൗഫ് (കബാൻസാംഗ് സർവകലാശാല), ഗായത്രി രവീഷ് (റിഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ), ഡോ.ടെസ്സി ഗ്രേസ് മാത്യൂസ് (ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, മെഡിക്കൽ കോളേജ് കോട്ടയം), ടി.എൻ.വിജയൻ (ഡയറകടർ ലേണിംഗ് സപ്പോർട്ട് സെന്റർ) എന്നിവർ പ്രബന്ധമവതരിപ്പിച്ചു. ഡോ.കെ.എം. മുസ്തഫ എഴുതിയ 'സ്പെഷൽ എഡ്യൂക്കേറ്റേഴ്സ് പേർസണാലിറ്റി ആന്റ് ടീച്ചിംഗ് കോംപിറ്റൻസി' എന്ന പുസ്തകം പ്രൊഫ. സത്താർ റസൂൽ പ്രകാശനം ചെയ്തു.

സമാപന സമ്മേളനത്തിൽ ഡോ.രാജീവ്കുമാർ, ഡോ.കെ.എം.മുസ്തഫ, ഗായത്രി രവീഷ്, ടാൻസൻ പി. തോമസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ./39/191/2019)

## ഫോട്ടോ ക്യാപ്ഷൻ

**ഡോ.കെ.എം മുസ്തഫ എഴുതിയ 'സ്പെഷൽ എഡ്യൂക്കേറ്റേഴ്സ് പേർസണാലിറ്റി ആന്റ് ടീച്ചിംഗ് കോംപിറ്റൻസി' എന്ന പുസ്തകം മലേഷ്യൻ സർവ്വകലാശാല വിദ്യാഭ്യാസ വിഭാഗം മേധാവി പ്രൊഫ. സത്താർ റസൂൽ പ്രകാശനം ചെയ്യുന്നു**

**പ്രിൻസിപ്പൽമാരുടെ യോഗം ഫെബ്രുവരി 23ന്**

മഹാത്മാ ഗാന്ധി സർവകലാശാലയ്ക്ക് കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പൽമാരുടെ യോഗം ഫെബ്രുവരി 23ന് രാവിലെ 10.30ന് സർവകലാശാല അസംബ്ലിഹാളിൽ ചേരുമെന്ന് വൈസ് ചാൻസലർ അറിയിച്ചു. എല്ലാ പ്രിൻസിപ്പൽമാരും യോഗത്തിൽ പങ്കെടുക്കണം.

(പി.ആർ.ഒ./39/191/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ